# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ .എം.പി.എം.22/2882/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 28/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ .എം.പി.എം.22/2882/23 തീയ്യതി: 28/12/2023

## മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-03-2023 മുതൽ 15-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിത്രലേഖ കെ കെ,കെ എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-12-2023 | 23-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-12-2023 | 23-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1) ശ്രീ. അബ്ദുൽ ഗഫൂർ സി, ഓഡിറ്റ് ഓഫീസർ
2) ശ്രീ.വിനോദ് പി എ, ഓഡിറ്റ് ഓഫീസർ
3) ശ്രീ.ഷജീർ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
4) ശ്രീമതി.ഷംസിയ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
5) ശ്രീമതി വിനീത പി പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.സുഹറാബി കാവുങ്ങൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രാജീവ് .പി.കെ | സെക്രട്ടറി | 01-04-2022 | 16-10-2022 |
| ശ്രീ.അബ്ദുൽ കരീം പഞ്ചിളി | സെക്രട്ടറി | 17-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിബിൻ മാത്യു | അസി.എഞ്ചിനീയർ | 01-04-2022 | 28-07-2022 |
| ശ്രീമതി. ഷമീന സി | അസി.എഞ്ചിനീയർ | 29-07-2022 | 30-09-2022 |
| ഡോ. ബിനു ശശിധരൻ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2022 | 27-04-2022 |
| ഡോ. ഫിറോസ് ഖാൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 28-04-2022 | 04-05-2022 |
| ഡോ. ജയനാരായണൻ കെ എം | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 05-05-2022 | 31-03-2023 |
| ഡോ.റീം റഷീദ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.രാജു പട്ടുവിൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-05-2022 |
| ശ്രീ.ശ്രീജിത്ത് കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-06-2022 | 31-03-2023 |
| ഡോ. ബിന്ദു വിജയൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.അഞ്ജലി.കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ആശാ ലത.പി.ഡി | അസി.സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീ. സിന്ത് കെ സൂധൻ | അസി.സെക്രട്ടറി(ഇൻ ചാർജ്) | 01-11-2022 | 30-11-2022 |
| ശ്രീമതി സിനി ടി എസ് | അസി.സെക്രട്ടറി(ഇൻ ചാർജ്) | 01-12-2022 | 20-12-2022 |
| ശ്രീ. യാസർ ടി | അസി.സെക്രട്ടറി(ഇൻ ചാർജ്) | 21-12-2022 | 31-03-2023 |
| ശ്രീമതി. സമീന. ഇ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2022 | 31-03-2023 |
| ശ്രീമതി. റുമീന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു. എം.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൽ അഷ്റഫ് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-2 |
| 4 | ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കേണ്ടതാണ്. | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 8 | ACR, GRANT STATEMENT എന്നിവ പ്രകാരമുള്ള ചെലവു തുകകളുമായി പൊരുത്തപ്പെടുന്നില്ല. | 1-4-1 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമ പെൻഷൻ | 1-7 |
| 12 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | തനത് ഫണ്ട് സമാഹരണം - അവലോകനം | 1-11 |
| 16 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-12 |
| 17 | റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല | 1-13 |
| 18 | FACTEOS ലൈസൻസ് - അപേക്ഷയിൽ മൂലധനം രേഖപ്പെടുത്തുന്നില്ല. | 1-14 |
| 19 | സങ്കരയിനം കിടാവ് വിതരണം-വിശദീകരണം ലഭ്യമാക്കേണ്ടതാണ് | 1-15 |
| 20 | മുൻകൂർ തുക നൽകി- മരുന്നുകൾ ലഭ്യമായില്ല. | 1-16 |
| 21 | പ്രവൃത്തി വൈകി പൂർത്തീകരിച്ചത്-പിഴ ഈടാക്കിയില്ല. | 1-17 |
| 22 | പ്രവൃത്തി യഥാ സമയം പൂർത്തീകരിച്ചില്ല.ജി.എസ്.ടി ഇനത്തിൽ അധികം ചെലവ് | 1-18 |
| 23 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ–പൂർത്തീകരണ വിവരം ലഭ്യമല്ല | 1-19 |
| 24 | വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. | 1-20 |
| 25 | ഉത്സവ മുൻകൂർ തിരികെ ഈടാക്കാൻ അവശേഷിക്കുന്നു. | 1-21 |
| 26 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്- അപാകതകൾ | 1-22 |
| 27 | ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. | 1-23 |
| 28 | വിവിധ വാർഡുകളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ– വാങ്ങൽ നടപടിക്രമം പാലിച്ചില്ല | 1-24 |
| 29 | വാഹന വാടക നൽകൽ -നടപടിക്രമങ്ങൾ പാലിച്ചില്ല | 1-25 |
| 30 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയില്ല | 1-26 |
| 31 | ഹിയറിംഗ് എയിഡ് റിപ്പയറിന് തുക കൈമാറൽ– വിനിയോഗ  വിവരം ലഭ്യമല്ല | 1-27 |
| 32 | അംഗൻവാടികളിലേക്ക് ഗ്യാസ് സറ്റൗ വാങ്ങൽ– നടപടിക്രമം പാലിച്ചില്ല | 1-28 |
| 33 | സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകൽ - അപാകതകൾ | 1-29 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**I)** കേരള പഞ്ചായത്ത് രാജ് ആക്ട് **1994**ലെ സെക്ഷൻ **215(4)** പ്രകാരം,കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ **2011, KSAD** ഓഡിറ്റ് മാന്വൽ ചാപ്റ്റർ **4.2.1 & 11.3,** സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ **20.072023** ലെ **3(1)** നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി **09.08.2023** തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് **2023** ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2023** തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

**Ii)C&AG** ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും **C&AG** നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**iii)** എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി : 28-12-2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും(78,49,810) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (80,12,884) ആയി രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ് B-7 Deposit Received എന്ന ഇനത്തിലെ Other Deposits (340109901) ഹെഡിൽ 40,205/- രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ആയത് സംബന്ധിച്ച വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 03/19.12.2023 ന് 36495/- ഡെപ്പോസിറ്റ് റീഫണ്ടായി ലഭിച്ച തുകയും

ബാക്കിയുള്ള 3710/- രൂപ 16/05/2022 മുതൽ 21/06/22 വരെയുള്ള വിവിധ തിയ്യതികളിലായി വാതിൽപ്പടി സേവനത്തിനായി പൊതുജനങ്ങൾ ഫ്രണ്ട് ഓഫീസ് മുഖാന്തിരം നൽകിയിട്ടുള്ള തുകയുമാണെന്ന് മറുപടി നൽകി. ആയത് ഉചിതമായ ഹെഡുകളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1(1) തീയതി 24/03/2022 | 1(2) തീയതി 30/03/2023 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 19238575 |
| വരവ് | 96357555 |
| ആകെ | 115596130 |
| ചെലവ് | 88507745 |
| നീക്കിയിരിപ്പ് | 27088385 |

കുറിപ്പ്:- വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പെയ്മെന്റ് പത്രികയിലെ തുകകളോടൊപ്പം ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, സേവനപെൻഷൻ, തൊഴിലുറപ്പ് EFMS തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10248751 | 10248751 | 10198311 | 50440 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2939910 | 2939910 | 2809005 | 130905 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 17668000 | 17668000 | 12173917 | 5494083 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4570000 | 4570000 | 3058753 | 1511247 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 4431949 | 4431949 | 1616442 | 2815507 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 2596091 | 2596091 | 1657269 | 938822 |

### 1-4-1 ACR, GRANT STATEMENT എന്നിവ പ്രകാരമുള്ള ചെലവു തുകകളുമായി പൊരുത്തപ്പെടുന്നില്ല.

താഴെ പറയുന്ന ഫണ്ടിനങ്ങളുടെ വാർഷികകണക്ക് പ്രകാരമുള്ള തുകകൾ ACR, GRANT STATEMENT എന്നിവ പ്രകാരമുള്ള ചെലവു തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ACR | AFS (I-6+ B3) |
|---|---|---|

| | | |
|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Un-Tied | 1657269 | 1693283 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied | 1616442 | 2229942 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ % |
|---|---|---|---|---|---|---|
| 173 | 81626909 | 116 | 46390214 | 56 | 1 | 67.05 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 12968 | 34827 | 47795 | 34380 | 13415 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10090472 | 10090472 | 10090472 | 0 |

## 1-7 ക്ഷേമ പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 1987200 | 167 |
| വിധവാപെൻഷൻ | 6839600 | 587 |
| വാർദ്ധക്യകാലപെൻഷൻ | 10926800 | 990 |
| വികലാംഗപെൻഷൻ | 3429000 | 297 |
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 168000 | 15 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.12.2023 ന് 12.30 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 9699/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2022-23 വർഷ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.
2.അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
3. മാസ്റ്റർ ഇൻക്യുബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല
4. അസിസ്റ്റന്റ് സെക്രട്ടറി ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.1.2023 | ഡിസംബർ 2022 | 18.1.2023 |
| എ.ജി ഓഡിറ്റ് | 20.05 2006 മുതൽ 28.05.2006 വരെ | 1997-98 മുതൽ 2005-2006 വരെ | 21.06.2006 |

## 1-11 തനത് ഫണ്ട് സമാഹരണം - അവലോകനം

തനതു വരുമാനം- ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് തയ്യാറാക്കൽ, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതി മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. 2022-23 വർഷത്തെ ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 15 തവണ മീറ്റിംഗുകൾ കൂടിയിട്ടുണ്ട് എന്ന് വ്യക്തമായി. വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം, പൊളിച്ച കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വേക്കൻസി റെമിഷൻ, വസ്തുനികുതി പിരിവ് എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുമായി പുതിയ വിഭവ സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ചർച്ചകൾ ഒന്നും തന്നെ നടന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ

LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2)പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കിന്റെയും, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് അന്തിമ വിജ്ഞാപനം 01.09.23 ലെ A7-3281/2023 പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സഞ്ചയയിൽ പുതുക്കിയ വസ്തുനികുതി നിരക്ക് കാലികമാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിലുള്ള നികുതി പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവ മുൻ പരിഷ്കരണ പ്രകാരമുള്ളതുതന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

4). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. ഫീൽഡ് പരിശോധനക്കും ഡാറ്റാ എൻട്രിക്കുമായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനായി ഇന്റർവ്യൂ നടത്തിയെങ്കിലും, നാളിതു വരെ പ്രവൃത്തി ഏറ്റെടുക്കാൻ ആരും തയ്യാറായിട്ടില്ലെന്ന് മറുപടി നല്കി.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1).കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. (ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ/ വാർഷിക കണക്ക് എന്നിവ പ്രകാരം തൊഴിൽ നികുതി ഇനത്തിൽ കുടിശ്ശിക ഇല്ല.)

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാമെങ്കിലും ഒരു റേഷൻ കടയിൽ നിന്നു മാത്രമാണ് തൊഴിൽ നികുതിയും, ലൈസൻസും ഈടാക്കുന്നത്. മറ്റു റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടം അല്ലെങ്കിൽ കൈവശക്കാരനോട്ടം മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല

ലൈസൻസ്

ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 353 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

മറ്റിനങ്ങൾ

സ്വകാര്യ ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം മുഴുവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളിൽ മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
(ഓഡിറ്റ് എൻക്വയറി 2 /22-23 17.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡെപ്പോസിറ്റ് തുകകൾ

ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | വിവിധ അംഗൻവാടികൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ | 2017-18 | ഭൂജല വകുപ്പ് | 123570 | CFC | - | 123570 |
| 2 | എം.പി.ജി.യു.പി സ്കൂളിൽ കുഴൽ കിണർ നിർമ്മാണം | 2017-18 | ഭൂജല വകുപ്പ് | 42890 | CFC | - | 42890 |
| 3 | പാറക്കടവ് വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ പുനരുദ്ധാരണം | 2017-18 | KWA | 40000 | CFC | - | 40000 |
| 4 | വിവിധ അംഗൻവാടികൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ | 2017-18 | ഭൂജല വകുപ്പ് | 157740 | CFC | - | 157740 |
| 5 | പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലേക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ | 2017-18 | ഭൂജല വകുപ്പ് | 75000 | CFC | - | 75000 |
| 6 | കുരുവള്ളിക്കുന്ന് കുടിവെള്ളപദ്ധതി കുഴൽ കിണർ നിർമ്മാണം | 2018-19 | ഭൂജല വകുപ്പ് | 67000 | CFC | - | 67000 |
| 7 | ഏറുമ്പത്ത് കുടിവെള്ള പദ്ധതി കുഴൽ കിണർ നിർമ്മാണം | 2018-19 | ഭൂജല വകുപ്പ് | 29490 | CFC | - | 29490 |
| 8 | പോത്ത്കുണ്ട് ജി.എൽ.പി സ്കൂളിൽ കുഴൽ കിണർ നിർമ്മാണം | 2018-19 | ഭൂജല വകുപ്പ് | 163600 | CFC | - | 163600 |
| 9 | സ്ട്രീറ്റ് ലൈറ്റുകളുടെ കാര്യക്ഷമതക്ക് മീറ്റർ സ്ഥാപിക്കൽ | 2021-22 | KSEB | 50700 | വികസന ഫണ്ട് | - | 50700 |
| ആകെ | | | | | | | 749990 |

മേൽ പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 01/18.12.2023) വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല എന്ന മറുപടി ലഭ്യമാക്കി. ഡെപ്പോസിറ്റ് പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതും, വിനിയോഗത്തിന് ശേഷം ലഭ്യമാവാൻ അവശേഷിക്കുന്ന തുകകൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതുമാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യേണ്ടതായതിനാൽ ഇക്കാര്യത്തിൽ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-13 റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തതായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കാണുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ റേഷൻ കടകളിൽ ഒരെണ്ണം മാത്രമാണ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്തതായി കാണുന്നുള്ളൂ. മറ്റു റേഷൻ കടകളിൽ നിന്നും ലൈസൻസും, വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/21.12.23) നിലവിൽ പഞ്ചായത്ത് പ്രദേശത്ത് 5 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെന്നും, ലൈസൻസ് ആവശ്യമാണെന്നും ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലെന്നും പ്രസ്തുത സ്ഥാപനങ്ങളെ അറിയിക്കാറുണ്ടെങ്കിലും ലൈസൻസ് എടുക്കുന്നതിന് വിമുഖത കാണിക്കുകയാണ് ചെയ്യുന്നത് എന്നും മറുപടി ലഭ്യമാക്കി. സർക്കാർ സ്ഥാപനമാണെന്നും പൊതുജനങ്ങൾക്ക് സർക്കാരിന്റെ സ്റ്റാറ്റ്യൂട്ടറി റേഷൻ വിതരണം ചെയ്യേണ്ട സ്ഥാപനമാണെന്നും ആയതിനാൽ പഞ്ചായത്ത് ലൈസൻസ് എടുക്കേണ്ടതില്ലെന്നുമാണ് റേഷൻഷോപ്പ് നടത്തുന്നവരുടെ വാദം . പാവപ്പെട്ട ജനങ്ങൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന സ്ഥാപനം എന്ന നിലയിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്തിന് കഴിയാതെ വരികയുമാണ്. ഇപ്രകാരം പഞ്ചായത്ത് എന്തെങ്കിലും നടപടി സ്വീകരിക്കുകയും അതുവഴി റേഷൻകട അടച്ചിടേണ്ടി വരികയും ചെയ്താൽ ആയത് വലിയ തോതിലുള്ള പ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യുമെന്നും, ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഇപ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന റേഷൻഷോപ്പുകൾക്ക് സിവിൽ സപ്ലൈസ് വകുപ്പിന്റെ തുടർ അനുമതി പുന:പരിശോധിക്കണമെന്ന് താലൂക്ക് സപ്ലൈ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മറുപടി നല്കി. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ റേഷൻകടകൾക്കും ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-14 FACTEOS ലൈസൻസ് - അപേക്ഷയിൽ മൂലധനം രേഖപ്പെടുത്തുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ 31-10-2017ലെ GO (P) No 80/2017/LSGD പ്രകാരം ഭേദഗതി ചെയ്ത് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ചില അപേക്ഷകളിൽ മൂലധനത്തുക കൃത്യമായി രേഖപ്പെടുത്താതെ തന്നെ ലൈസൻസ് അനുവദിച്ചതായി കാണുന്നു. പ്രസ്തുത വിവരങ്ങളുടെ അഭാവത്തിൽ ലൈസൻസ് ഫീസ് നിർണയിച്ചത് എങ്ങനെയെന്ന് ബന്ധപ്പെട്ട രേഖകളിൽ നിന്ന് വ്യക്തമല്ല.ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | ലൈസൻസിയുടെ പേര്/സ്ഥാപനം | ലൈസൻസ് ഫീസ് |
|---|---|---|
| 166 | എം കെ ഉണ്ണീൻ<br>ടി വി , വാഷിങ്ങ് മെഷീൻ, റഫ്രിജറേറ്റർ, ഗൃഹോപകരണങ്ങൾ എന്നിവയുടെ വ്യാപാരം<br>(XI/541) | 200 |
| 169 | അബ്ദുറഹിമാൻ<br>ടി എം ടി സ്റ്റീൽ, സ്റ്റീൽ റിംഗ്സ് എന്നിവയുടെ വില്പന<br>XIII/579A | 500 |
| 177 | ഷാജിമോൻ<br>ഇലക്ട്രിക്കൽ ഹാർഡ് വെയർ , പ്ലംബിംഗ് മെറ്റീരിയൽസ് എന്നിവയുടെ വില്പന<br>XIII/382, 383, 384, 386 | 300 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/22-23 Dtd 20.12.2023) മറുപടി ലഭ്യമാക്കിയില്ല. അപേക്ഷകളിൽ മൂലധനത്തുക കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കുകയും, മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്.

## 1-15 സങ്കരയിനം കിടാവ് വിതരണം-വിശദീകരണം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : സങ്കരയിനം കിടാവ് വിതരണം-(വനിത)

പ്രൊ.നം. : 93/2023

അടങ്കൽ തുക : 5,20,000 (2,60,000- വികസന ഫണ്ട് ; 2,60,000 -ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിച്ചത്)

| | | |
|---|---|---|
| ബിൽനം. | 1) 1.221511520285010794449 Dtd 23.01.2023 | RS.20000 |
| | 2) 221511520285010568 64 Dtd 18.01.2023 | RS.10000 |
| | 3) 221511520285010393 26 Dtd 13.01.2023 | RS.30000 |
| | 4)221511520285009368 75 Dtd 21.12.2022 | RS.40000 |
| | 5)221511520285009048 31 Dtd 14.12.2022 | RS.160000 |
| | ആകെ ചെലവ് | 2,60,000 |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം 26 സങ്കരയിനം കിടാവുകളെ വിതരണം ചെയ്തിട്ടുണ്ട്. 15.6.2022 ലെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നതിനുള്ള ജില്ലാതല സമിതി തീരുമാന പ്രകാരം കിടാവ്

(സങ്കരയിനം) 6-10 മാസം പ്രായമുള്ളതിന് 15000 രൂപയും 10-15 മാസം പ്രായമുള്ളതിന് 20,000 രൂപയുമായാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ) നമ്പർ 115/2022 ത.സ്വ.ഭ.വ 28-05-2022, ഖണ്ഡിക 6.3 ക്രമ നമ്പർ.5 പ്രകാരം ടി ഇനത്തിൽ ജനറൽ വിഭാഗത്തിന് 50% സബ്സിഡിക്കാണ് (പരമാവധി 10,000 രൂപ) അർഹതയുള്ളത്. ക്രമ നമ്പർ 33.3 പ്രകാരം വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർ പേഴ്സൺ അദ്ധ്യക്ഷനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം മൃഗങ്ങളെ/പക്ഷികളെ വാങ്ങേണ്ടത് എന്നും പ്രായം, ഗുണ നിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണമെന്നും ഗുണഭോക്താക്കൾ നേരിട്ട് ഉരുക്കളെ വാങ്ങുന്നത് അനുവദനീയമല്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രൊജക്റ്റ് പ്രകാരം ഓരോ ഗുണഭോക്താവും 20,000 രൂപ ചെലവഴിച്ച് പശുക്കിടാവിനെ വാങ്ങിയിട്ടുണ്ട്.(10000 Plan + 10000 B.C) ലഭ്യമാക്കിയ പർച്ചേസ് കമ്മിറ്റി റിപ്പോർട്ടിൽ പ്രായം സംബന്ധിച്ച വിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

താഴെ പറയുന്നവരിൽ ഒരു ഗുണഭോക്താവ് 10മാസത്തിൽ താഴെ പ്രായമുള്ളതിനെയാണ് വാങ്ങിയിട്ടുള്ളത് .മറ്റുള്ള ഗുണഭോക്താക്കൾ പ്രായം രേഖപ്പെടുത്തിയിട്ടുമില്ല.

| ക്ര. നം. | ഗുണഭോക്താവ് | പശുവിനെ വിൽപ്പന നടത്തിയ ആൾ | പ്രായം |
|---|---|---|---|
| 1 | ശ്രീമതി സീനത്ത് അറക്കൽ | ശ്രീ. യൂസുഫ് എം S/o. സൈതലവി, മാമ്പ്ര ഹൗസ്, പന്തല്ലൂർ | രേഖപ്പെടുത്തിയിട്ടില്ല. |
| 2 | ശ്രീമതി,അച്ചുട്ടി.കുഴിയേങ്ങൽ | ശ്രീ.മുഹമ്മദ് ഇർഷാദ്, ചക്കാലക്കുന്നൻ, കൂട്ടിലങ്ങാടി. | പ്രായം രേഖപ്പെടുത്തിയിട്ടില്ല. |
| 3 | ശ്രീമതി.ഉമ്മു കുൽസു,കെ | ശ്രീ.മുഹമ്മദ് അലി. തവലേങ്ങൽ ഹൗസ്.അങ്ങാടിപ്പുറം | പ്രായം രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ശ്രീമതി.ആസ്യ പുത്തൻകളത്തിൽ | ശ്രീമതി.ഉമൈറ കൊണ്ടേരിത്തൊടി,വടക്കാങ്ങര | 9.5 മാസം |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 28/22.12.2023)ക്ക് മറുപടിയായി ശ്രീമതി. സീനത്ത് അറക്കൽ, ശ്രീമതി. അച്ചുട്ടി, കുഴിയേങ്ങൽ എന്നിവർ 15 മാസം പ്രായമുള്ളതിനെയും ശ്രീമതി.ഉമ്മു കുൽസു.കെ , ശ്രീമതി.ആസ്യ പുത്തൻകളത്തിൽ എന്നിവർ 10 മാസം പ്രായമുള്ളതിനെയുമാണ് വാങ്ങിയിട്ടുള്ളത് എന്നും ക്ളറിക്കൽ പിഴവ് മൂലമാണ് അപാകത സംഭവിച്ചത് എന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗ രേഖക്ക് അനുസൃതമായി പ്രൊജക്റ്റ് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 മുൻകൂർ തുക നൽകി- മരുന്നുകൾ ലഭ്യമായില്ല.

പി.എച്ച്. സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ മരുന്ന് വാങ്ങൽ പദ്ധതികൾക്കായി താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പദ്ധതി | അടങ്കൽ/ചെലവഴിച്ച തുക | ബിൽ റഫറൻസ് നമ്പർ /തീയതി | പ്രഫോർമ ഇൻവോയ്സ് |
|---|---|---|---|
| പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ (15/23) | 500000/ 200000 (MG Non Road) | 22151152028600884303/ 8.12.22 | PRF 2342/ 8.11.22 (KMSCL) |
| ആർദ്രം പാലിയേറ്റീവ് കെയർ പദ്ധതി (67/23) | 864060/ 345110 (MG Non Road) | 22151152028600819038/25.11.22 | PRF 2348/18.11.22 (KMSCL) |
| ആകെ | 5,45,110 | | |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 5,45,110 രൂപ KMSCL ന് മുൻകൂറായി കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ.21/20.12.23)ക്ക് മരുന്ന് ലഭ്യമാക്കാൻ കത്തയച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 പ്രവൃത്തി വൈകി പൂർത്തീകരിച്ചത്-പിഴ ഈടാക്കിയില്ല.

2012 ലെ കേരള പൊതുമരാമത്ത് മാന്വൽ, ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് കരാർ തുകയുടെ 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | മാരാത്ത് കുളമ്പ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ(43/23)<br>അടങ്കൽ 300000<br>(മെയിന്റനൻസ് ഗ്രാന്റ് -റോഡ്)<br>ചെലവ് - 209785 -<br>(വൗച്ചർ നം<br>47/ Dt.-31.3.2023<br>PAC- 267233<br>മൂല്യ നിർണ്ണയം - 177784.28<br>അളവ് പുസ്തകം 257/21-22<br>കരാറുകാരൻ - കുഞ്ഞഹമ്മദ്.ടി<br>കരാർ AE/LID&EW /MKPb/22/21-22 .Dt.7.10.21 | 8.10.21 | 7.4.2022 വരെ<br>(6 മാസം) | 27.3.2023 | **18051.**<br>8.4.2022 മുതൽ 7.7.2022 വരെ 1%=2672<br>8.7.2022 മുതൽ 7.10.2022 വരെ 2%=5344<br>8.10.2022 മുതൽ 07.1.2023 വരെ 2%=5344<br>8.1.2023 മുതൽ 27.3.2023 വരെ<br>5344x79/90=4691 |
| 2 | അമ്പലകുത്ത് ഇരിക്കാപറമ്പ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ (42/23)<br>അടങ്കൽ 200000<br>(മെയിന്റനൻസ് ഫണ്ട് | 8.10.21 | 7.6.22 വരെ<br>(8 മാസം) | 22.2.2023 | **9509**<br>8.6.22 മുതൽ 7.9.22 വരെ 1%-1783<br>8.9.22 മുതൽ 7.12.22 വരെ |

| | | | | | |
|---|---|---|---|---|---|
| | റോഡ്)<br>ചെലവ് - 199999<br>(വൗച്ചർ നം.57/<br>Dt.-30.3.2022- 116059<br>(വൗച്ചർ നം<br>53/ Dt.-31.3.2022-<br>83940<br>PAC- 178288<br>മൂല്യ നിർണ്ണയം - 174760<br>അളവ് പുസ്തകം<br>9/22-23,258/22-23<br>കരാറുകാരൻ -<br>കുഞ്ഞഹമ്മദ്.ടി<br>കരാർ AE/LID&EW<br>/MKPb/22/21-22Dt.7.10.21 | | | | 2%-3566<br>8.12.22 മുതൽ<br>7.3.23 വരെ<br>2%-3566<br>8.3.23 മുതൽ<br>22.3.23 വരെ<br>2%-594<br>(3566x15/90=594) |
| | | | ആകെ | | 27560 |

മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.5/19.12.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയ്ക്കേണ്ടതാണ്.

## 1-18 പ്രവൃത്തി യഥാ സമയം പൂർത്തീകരിച്ചില്ല.ജി.എസ്.ടി ഇനത്തിൽ അധികം ചെലവ്

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ, പ്രവൃത്തികൾ പൂർത്തീകരണ കാലയളവിനുള്ളിൽ, യഥാസമയം പൂർത്തിയാക്കാത്തതിനാൽ GST ഇനത്തിൽ 14935 രൂപ അധിക ചെലവ് വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

**1. - മാരാത്ത് കുളമ്പ് റോഡ് അഭിവൃദ്ധി പ്പെടുത്തൽ GST ഇനത്തിലെ അധിക ചെലവ് 10667**

പ്രോജക്റ്റ് - (43/23)

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

Vr. 47/23 Lf.31.3.2023

കരാർ AE/LID&EW/MKPb/22/21-22 .Dt.7.10.21

മൂല്യനിർണ്ണയം - 177784.28(GST ഉൾപ്പെടെ 209785.45)

അളവ് പുസ്തകം 257/22-23

കരാറുകാരൻ- കുഞ്ഞഹമ്മദ്.ടി

കോസ്റ്റ് ഇൻഡക്സ് 31.06% (DsoR 2016)

TS No-21785/21-22

Duration – 6 മാസം (As Per TS Slip)

7.10.2021 ന് കരാർ വച്ച പ്രവൃത്തി പൂർത്തിയായിട്ടുള്ളത് 27.3.23 ന് മാത്രമാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചിട്ടുള്ളത് 6 മാസമാണ്. എസ്റ്റിമേറ്റിൽ 12% GST Provision വച്ചിരുന്നെങ്കിലും യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ GST ഇനത്തിൽ താഴെ പറയും പ്രകാരം അധിക ചെലവ് വന്നു. (സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് കമ്മീഷണറുടെ 11.8.22 ലെ CFE No.CT/6527/2022-c9) പ്രകാരം 18.7.22 ന് ശേഷം നൽകുന്ന ബില്ലുകൾക്ക് GST ബാധ്യത 18% ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്)

Final Bill അനുവദിച്ചത് (GST -18% പ്രകാരം )

Final Bill – 177784.28

GST -18% - 32001.17

----------------------

ആകെ -209785

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിച്ചിരുന്നെങ്കിൽ (GST -12% പ്രകാരം )അനുവദിക്കേണ്ടിയിരുന്ന തുക

Final Bill – 177784.28

GST -12% - 21334.10

GST ഇനത്തിലെ അധിക ചെലവ് 32001-21334– = 10667 രൂപ.

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ വന്ന അധിക ചെലവ് - 10667 രൂപ.

**2. അമ്പലകുത്ത് ഇരിക്കാപറമ്പ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ– GST ഇനത്തിൽ അധിക ചെലവ് വന്നു– 4268രൂപ.**

പ്രോജക്റ്റ് - (42/23)

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

Vr.No.53/31.3.23

കരാർ AE/LID&EW/MKPb/22/21-22Dt.7.10.21

മൂല്യനിർണ്ണയം – 174760(199999 GST ഉൾപ്പെടെ)

അളവ് പുസ്തകം 9/22-23,258/22-23

കരാറുകാരൻ- കുഞ്ഞഹമ്മദ്..ടി

കോസ്റ്റ് ഇൻഡക്സ് 31.06% (DsoR 2016)

TS No-13430/21-22

Duration – 8 മാസം (As Per TS Slip)

7.10.2021 ന് കരാർ വച്ച പ്രവൃത്തി പൂർത്തിയായിട്ടുള്ളത് 22.3.23 ന് മാത്രമാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് അനുവദിച്ചിട്ടുള്ളത് 8 മാസമാണ്. എസ്റ്റിമേറ്റിൽ 12% GST Provision വച്ചിരുന്നെങ്കിലും യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ GST ഇനത്തിൽ താഴെ പറയും പ്രകാരം അധിക ചെലവ് വന്നു.

Final Bill അനുവദിച്ചത്

Final Bill – 174760

GST -12% - 12434.92 (103624.36/100 X12)

GST -18% -12804.52 (71136.21/100 X18)

----------------------

ആകെ -199999

യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിച്ചിരുന്നെങ്കിൽ (GST -12% പ്രകാരം ) അനുവദിക്കേണ്ടിയിരുന്ന തുക

Final Bill – 174760

GST 12%-20971

GST ഇനത്തിൽ അധികം- 25239(12434.92+12804.52)-20971=4268യഥാസമയം പ്രവൃത്തി പൂർത്തിയാക്കി ബിൽ അനുവദിക്കാത്തതിനാൽ വന്ന അധിക ചെലവ് - 4268 രൂപ.

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/19.12.23) മറുപടി ലഭ്യമാക്കിയില്ല.ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരണ വിവരം ലഭ്യമല്ല

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ സർക്കുലർ നം DB3/753/2013/CE/LID&EW തി.10.11.2022, പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ 31.10.2022 ലെ സർക്കുലർ നം.PAN/3173/2021-1(DP) എന്നിവ പ്രകാരം 30.11.2022 നകം R -Track Data Collection And Processing പൂർത്തീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് വേണ്ടി KSREC (Kerala State Remote Sensing And Environment Centre) തയ്യാറാക്കിയ ഓൺലൈൻ പ്ലാറ്റ് ഫോം വഴിയും R-Track മൊബൈൽ

ആപ്ലിക്കേഷൻ വഴിയും ആണ് പദ്ധതി നടപ്പിലാക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ എന്ന പദ്ധതിക്കായി (പ്രൊജക്ട് നം.176/23) തനത് ഫണ്ടിൽ നിന്നും 19630 രൂപ (Vr.No.51/31.3.23) പിൻവലിച്ച് ശ്രീ.സഹീൽ.പി, ശ്രീ. ഷെബിൻ മുഹമ്മദ് എന്നിവർക്ക് 9815 രൂപ വീതം നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.7/19.12.23) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.പ്രവൃത്തി പൂർത്തികരണ വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 19,630/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ വിവരം/വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രൊജക്ട് നമ്പറും പേരും | ചെലവ് തുക, ഫണ്ടിനം | ബിൽ/ വൗച്ചർ നമ്പർ, തീയ്യതി | നിർവഹണ ഏജൻസി |
|---|---|---|---|---|
| 1 | 83/2022-23, IKM വിഹിതം നൽകൽ | 44853/- വികസന ഫണ്ട് (ജ) | BRN-22152052010300448106/23.08.2022 | IKM |
| 2 | 26/2022-23. വിവിധ വാർഡുകളിലെ കുഴൽകിണർ റിപ്പയർ | 112575/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) | 23/11.07.2022 | ഭൂജല വകുപ്പ് |
| 3 | 02/2022-23 : തെരുവ് വിളക്കുകളുടെ കാര്യക്ഷമതക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 512993/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) | XVFC/2022-23/P/18, 8.3.2023 | KSEB മക്കരപ്പറമ്പ് |
| ആകെ | | 670421 | | |

വിവിധ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പട്ട് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നം.(15/20.12.2023) നൽകിയതിനെ തുടർന്ന് ലഭ്യമായ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കി. അവശേഷിക്കുന്ന മേൽ സൂചിപ്പിക്കുന്ന ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യ പത്രം കൂടി ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവു തുക 670421 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21 ഉത്സവ മുൻകൂർ തിരികെ ഈടാക്കാൻ അവശേഷിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിൽ നിന്ന് 66000/- രൂപ ഗ്രാമപഞ്ചായത്തിലെ 4 ജീവനക്കാർക്ക് ഉത്സവ മുൻകൂർ നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിപാലിച്ച വരുന്ന മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ, ഈയിനത്തിൽ വൗച്ചർ നമ്പർ 22200427/1.09.22 പ്രകാരം തുക 20,000 രൂപ കൈപ്പറ്റിയ രാജീവ് പി.കെ., സെക്രട്ടറി 16000രൂപ തിരികെ ഒടുക്കാനുള്ളതായി കാണുന്നുണ്ട്. കൂടാതെ 2022-23 -ലെ വാർഷിക ധനകാര്യ പത്രിക B-18 – Festival Advance ഇനത്തിൽ (മുൻ സാമ്പത്തിക വർഷത്തെ ഉൾപ്പെടെ) 31000രൂപ തിരികെ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം സൂചിപ്പിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/20 .12.2023) നൽകിയ മറുപടിയിൽ ഇതിൽ രാജീവ് പി.കെ., സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കാനുള്ള 16000രൂപ 16.12.2023 ന് ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. ബന്ധപ്പെട്ട രജിസ്റ്ററിൽ ആയതിന്റെ രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്. കൂടാതെ 15000 രൂപ ഈടാക്കാനുള്ള ജീവനക്കാരൻ മരണപ്പെട്ടതിനാലാണ് ആയത് ഈടാക്കാൻ സാധിക്കാതിരുന്നത് എന്നും , ടിയാന്റെ അവകാശികൾക്ക് നൽകാനുള്ള ശമ്പള കുടിശ്ശികയിൽ നിന്ന് പ്രസ്തുത തുക ഈടാക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്- അപാകതകൾ

2022-23 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 618640രൂപ ചെലവഴിച്ചിട്ടുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിലുള്ള ചെലവ് പരിശോധിച്ചതിൽ കണ്ട അപാകതൾ താഴെ ചേർക്കുന്നു.

1.ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം, പോസ്റ്റുകളിലെ തെരുവ് വിളക്കുകളുടെ ഇനം, എണ്ണം വിവിധ പ്രദേശങ്ങളിലുള്ള ഹൈമാസ്റ്റ്, മിനി മാസ്റ്റ് ലൈറ്റുകളുടെ വിവരം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.ഗ്രാമപഞ്ചായത്തിൽ ആകെ ഉള്ള സ്ട്രീറ്റ് മെയിനിന്റെ നീളം, പ്രദേശം, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തണമെന്ന് നിർദ്ദേശമുള്ളതാണ്. ഇപ്രകാരം സംയുക്ത പരിശോധന നടത്തിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/20 .12.2023) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2022-23 വർഷത്തിൽ, വടക്കാങ്ങര GUPസ്കൂൾ ഗ്രൗണ്ട് ശുചീകരണത്തിന് തനതു ഫണ്ടിൽ നിന്ന് 20,000 രൂപ വൌച്ചർ നം: 22200619/ 21.11.2022 പ്രകാരം ഹെഡ്മാസ്റ്ററുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ തുക കൈമാറിയതിന്റെ രേഖകൾ, കൈപ്പറ്റ് തുടങ്ങിയ ചെലവു രേഖകൾ ഫയലിൽ ഇല്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/20.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക പിന്നീട് ശുചീകരണം നടത്തിയ ക്ലബ്ബിന് കൈമാറിയതിന്റെ രേഖകൾ, കൈപ്പറ്റ് തുടങ്ങിയ ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവു തുക 20,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 വിവിധ വാർഡുകളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ- വാങ്ങൽ നടപടിക്രമം പാലിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ വാർഡുകളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ എന്ന പദ്ധതിക്കായി താഴെ പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ/ചെലവഴിച്ച തുക | ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| വിവിധ വാർഡുകളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ (34/23) | 200000/ 199810 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 22/22-23 /7.11.22 | അസീം ഡിസൈനിംഗ് ഇന്റീരിയേഴ്സ് കാലികറ്റ്.441/26.9.22 (29*6890=199810) |
| ആകെ | 199810 | | |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേനയാണ് സമാഹരിക്കേണ്ടത്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാനുവലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ മേൽ പർച്ചേസ് GeM വഴി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 16/20.12.2023 ന് നൽകിയ മറുപടിയിൽ ലോഗിൻ ഐ.ഡി ക്രിയേറ്റ് ചെയ്യാൻ സാധിക്കാതിരുന്നത് മൂലമാണ് GeM വഴി പർച്ചേസ് ചെയ്യാതിരുന്നത് എന്ന് അറിയിച്ചു. ഭാവിയിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-25 വാഹന വാടക നൽകൽ -നടപടിക്രമങ്ങൾ പാലിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾ എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ/ചെലവഴിച്ച തുക | വൗച്ചർ നമ്പർ |
|---|---|---|
| **ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾ (118/23)** | 1000000/ 8320 ( തനത് ഫണ്ട്) | 22200931/10.3.23 |
| | 11830 | 22201037/31.3.23 |
| ആകെ | 20150 | |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത കാണുന്നു.

ഹരിതകർമ്മസേനാ ശേഖരിച്ച മാലിന്യങ്ങൾ എം.സി.എഫിലേക്ക് എത്തിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് ഇലക്ട്രിക് വാഹനം കയറ്റം കയറാത്തതിനാൽ മാലിന്യ നീക്കം തടസ്സപ്പെടാതിരിക്കാൻ 22.2.23 ലെ 24(2) നമ്പർ പഞ്ചായത്ത് തീരുമാനത്തിന്റെയടിസ്ഥാനത്തിൽ മറ്റു വാഹനം വാടകക്ക് എടുത്ത് ശ്രീ.അബ്ദുൾ അസീസ് കെ എന്നവർക്ക് വാഹനം വാടകയിനത്തിൽ 20150 രൂപ നൽകിയിട്ടുണ്ട്. എന്നാൽ വാഹനം വാടകക്ക് എടുക്കുന്നതിന് ക്വട്ടേഷൻ വിളിക്കുകയോ കരാർ ചമക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (18/20.12.2023)ക്ക് നൽകിയ മറുപടിയിൽ മാലിന്യങ്ങൾ അടിയന്തിരമായി നീക്കം ചെയ്യേണ്ട സാഹചര്യത്തിലാണ് ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നത് എന്ന് അറിയിച്ചു. ഭാവിയിൽ വാഹനം വാടകക്ക് എടുക്കുമ്പോൾ കരാർ ചമക്കേണ്ടതും ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-26 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 282 പ്രകാരം റവന്യൂ ഡെപ്പോസിറ്റുകൾ ഫേം പിരിയേഡ് കഴിഞ്ഞ് മൂന്ന് വർഷത്തിനകം ക്ലെയിം ചെയ്യേണ്ടതും, അല്ലാത്തപക്ഷം ആയത് കാലഹരണപ്പെടുന്നതും, തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതുമാണ്. എന്നാൽ വിവിധ ഇനങ്ങളിലായി പഞ്ചായത്തിൽ അടവാക്കിയിട്ടുള്ള ഡെപ്പോസിറ്റുകളിൽ 3 വർഷത്തിലധികം കാലപ്പഴക്കമുള്ള ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

2022-23 വാർഷികകണക്ക് പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക താഴെ കാണിക്കുന്നു.

| **ഇനം** | **ഡെപ്പോസിറ്റ് ഇനത്തിൽ അവശേഷിക്കുന്ന തുക (₹)** |
|---|---|
| Contractors' Earnest Money Deposit | 20,000.00 |
| Suppliers' Earnest Money Deposit | 11,372.00 |
| Bidders' Earnest Money Deposit | 8,106.00 |

| | |
|---|---|
| Suppliers' Security Deposit | 57,350.00 |
| Bidders' Security Deposit | 12,875.00 |
| Contractors' Retention | 48,069.00 |
| Election Deposit | 64,000.00 |

അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി (നം. 11/ തി. 20.12.2023) ക്ക് മറുപടി ലഭ്യമായില്ല. 3 വർഷത്തിലധികം കാലപ്പഴക്കമുള്ള ഡെപ്പോസിറ്റുകൾ മുതൽ കൂട്ടുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ഹിയറിംഗ് എയിഡ് റിപ്പയറിന് തുക കൈമാറൽ- വിനിയോഗ വിവരം ലഭ്യമല്ല

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ ഹിയറിംഗ് എയിഡ് റിപ്പയറിന് തുക കൈമാറൽ എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ വിനിയോഗ വിവരം ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ

| പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | ബിൽ റഫറൻസ് നമ്പർ/തിയ്യതി | ചെലവ് തുക | അപാകത |
|---|---|---|---|
| 169/23- ഹിയറിംഗ് എയിഡ് റിപ്പയറിന് സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറൽ | 22151152028801355317/ 15.3.23 | 50,000- വികസന ഫണ്ട് (ജനറൽ) | തുക സാമൂഹ്യ സുരക്ഷാ മിഷന് കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗ വിവരം ലഭ്യമല്ല |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-20/20.12.2023)ക്ക് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആയത് വരെ ചെലവ് തുക 50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 അംഗൻവാടികളിലേക്ക് ഗ്യാസ് സറ്റൗ വാങ്ങൽ- നടപടിക്രമം പാലിച്ചില്ല

ഐ. സി. ഡി. എസ്. സൂപ്പർ വൈസർ നിർവ്വഹണം നടത്തിയ അംഗൻവാടികളിലേക്ക് ഗ്യാസ് സ്റ്റൗ വാങ്ങൽ പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ /ചെലവഴിച്ച തുക | ബിൽ റഫറൻസ് നമ്പർ/തിയ്യതി | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| അംഗൻവാടികളിലേക്ക് ഗ്യാസ് സറ്റൗ വാങ്ങൽ (27/23) | 117000 (MGNR) /49446 | 22151152028801073431/21.1.23 | റാണി മെറ്റൽസ് സ്റ്റോർസ് കോഴിക്കോട് C731/17.1.23 |

| | | | |
|---|---|---|---|
| | | | (18 *2747=49446) |
| ആകെ | 49446 | | |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകത കാണുന്നു.

ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേനയാണ് സമാഹരിക്കേണ്ടത്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാനുവലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. എന്നാൽ മേൽ പർച്ചേസ് GeM വഴി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 17/20.12.2023)ക്ക് ഗുണനിലവാരമുള്ള ഗ്യാസ് സ്റ്റൗ കണ്ടെത്താത്തത് കൊണ്ടാണ്, ഇ-ടെണ്ടർ നടപടി സ്വീകരിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഭാവിയിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ സർക്കാർ ഉത്തരവ് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകൽ - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി 2022-23 വർഷത്തിൽ 11 സ്കൂളുകളാണ് അപേക്ഷിച്ചിട്ടുള്ളത്. സഞ്ചയയിൽ കെട്ടിടത്തിന്റെ ഉടമസ്ഥനെ സംബന്ധിച്ചുള്ള വിവരങ്ങൾ പൂർണ്ണമായി ചേർക്കാത്തതിനാൽ ഈ കെട്ടിടങ്ങൾ എല്ലാം തന്നെ ഫിറ്റ്നസ്സ് നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കാനാകുന്നില്ല.

ലഭ്യമായ അപേക്ഷകൾ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഫിറ്റനസ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ സ്കൂൾ കെട്ടിടങ്ങൾ മുഴവൻ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല/ സ്കൂളുകളിലെ മുഴവൻ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് എടുത്തിട്ടില്ല / സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് വ്യക്തമായി. ഉദാഹരണം താഴെ നൽകുന്നു.

| സ്കൂൾ | കെട്ടിട നമ്പർ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വിസ്തീർണ്ണം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം വിസ്തീർണ്ണം |
|---|---|---|---|
| ഹിദായ ഹൈസ്കൂൾ വെള്ളില | 5/36, 5/37 | 941 ച.മീറ്റർ | 504 ച.മീറ്റർ |
| AMLP സ്കൂൾ കാച്ചിനിക്കാട് | 2/349A, 2/349B, 2/349C | 540 ച.മീറ്റർ | 1199ച.മീറ്റർ |

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കാത്തതിനാൽ മുഴവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ഏതാനും സ്കൂളുകൾ ഫിറ്റ്നസ്സ് എടുക്കാതെയും പ്രവർത്തിക്കുണ്ട്. ഉപയോഗക്രമം വിദ്യാഭ്യാസ ആവശ്യം ആയി കാണിച്ചിട്ടുള്ള കെട്ടിടങ്ങളുടെ സഞ്ചയ പത്രിക പ്രകാരം (Form VI) ൽ കെട്ടിട ഉടമസ്ഥന്റെ പേര് വിവരങ്ങളുടെ കൂട്ടത്തിൽ സ്ഥാപനത്തിന്റെ പേര് വിവരം ഉൾപ്പെടുത്തിയിട്ടില്ല.

കൂടാതെ താഴെ ചേർത്ത സ്കൂളുകൾ 2022-23 വർഷത്തിൽ ഫിറ്റ്നസിന് അപേക്ഷ നൽകിയതായി കാണുന്നില്ല.

1. എ.എം.എൽ.പി.എസ്, കാച്ചിനിക്കാട്

2. എ.എം.എൽ.പി.എസ്, വടക്കാങ്ങര

3. ബദ്‌രിയ്യ ഇംഗ്ലീഷ് സ്കൂൾ

4. റഹ്മാനിയ്യ ഇംഗ്ലീഷ് സ്കൂൾ

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/2022-23 തിയ്യതി -20.12.2023 ന് മറുപടി ലഭ്യമായില്ല.

പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്കൂളുകളും ഫിറ്റ്നസ് എടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 160000 | 89- ലൈഫ് മിഷൻ ഭവന നിർമ്മാണം ( പട്ടികജാതി) | 160000 | |
| ബ്ലോക്ക്പഞ്ചായത്ത് | 403250 | 21-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 403250 | |
| ബ്ലോക്ക് പഞ്ചായത്ത് | 86276 | 101- സമഗ്ര നെൽകൃഷി വികസന പദ്ധതി | 86276 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 560000 | 88- ലൈഫ് മിഷൻ ഭവന നിർമ്മാണം | 560000 | 0 |
| ജില്ലാ പഞ്ചായത്ത് | 240000 | 21 -ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 240000 | 0 |
| ജില്ലാ പഞ്ചായത്ത് | 338000 | 190 -വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എസ് സി | 338000 | 0 |
| ജില്ലാ പഞ്ചായത്ത് | 161772 | 101- സമഗ്ര നെൽകൃഷി വികസന പദ്ധതി | 161772 | 0 |
| ജില്ലാ പഞ്ചായത്ത് | 360000 | 89-ലൈഫ് മിഷൻ ഭവന നിർമ്മാണം ( പട്ടികജാതി) | 360000 | 0 |
| ജില്ലാ പഞ്ചായത്ത് | 600000 | 88-ലൈഫ് മിഷൻ ഭവന നിർമ്മാണം | 600000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 2/23 തെരുവ് വിളക്കുകളുടെ കാര്യക്ഷമതക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 22200926 Dt 10/03/2023 | 512993 | 0 | പൂർത്തീകരിച്ചിട്ടില്ല UC ലഭ്യമല്ല | 512993 |
| GWD | 26/23 വിവിധ വാർഡുകളിലെ കുഴൽ കിണർ റിപ്പയർ | 22200290 Dt 15/07/2022 | 112575 | 0 | പൂർത്തീകരിച്ചിട്ടില്ല UC ലഭ്യമല്ല | 112575 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | LIFE | KURDFC | 6578646 (6560000+പലിശ 18746/-) | 772266 | 791939 | 0 | 6558973 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 0 |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

2022-23 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| **നിക്ഷപത്തിന്റെ വിവരം** | **തുക** | രശീതിനമ്പർ |
|---|---|---|
| മലപ്പുറം ഡിസ്ട്രിക്ട് കോ.ഓപ്പറേറ്റീവ് ഹോസ്പിറ്റൽ | 5000 | 853/10.12.1993 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2020-21 | 1-12(4) | ₹6504/- | AE, LSGD | 1220100685 DT 22/07/2022 |

| | | | | |
|---|---|---|---|---|
| | | | | |
| 2020-21 | 1-12(1) | ₹4643/- | AE, LSGD | 1220100699 DT 25/07/2022 |
| 2020-21 | 1-12(2) | ₹3478/- | AE, LSGD | 1220100700 DT 25/07/2022 |
| 2020-21 | 1-12(3) | ₹4715/- | AE, LSGD | 1220100701 DT 25/07/2022 |
| 2020-21 | 1-12(5) | ₹10809/- | AE, LSGD | 1220100702 DT 25/07/2022 |
| | Total | ₹30149/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 47 | 2002-03 | VII.I.10.7(1) | കാചിനിക്കാട് കിഴക്കേടത്ത് റോഡ് ടാറിംഗ് |
| 2000-01 | 49 | 2002-03 | VII.I.10.7(1I) | മാരാത്ത് കുളമ്പ് റോഡ് രൂപീകരണം |
| 2000-01 | 60(1) | 2002-03 | VII.I.10.7(1V) | പാറക്കടവ് റോഡ് ടാറിംഗ് |
| 2000-01 | 62(2) | 2002-03 | VII.I.10.7(V) | കാഞ്ഞാംപാടം ജലസേചന പദ്ധതി |
| 2000-01 | 63(1) | 2002-03 | VII.I.10.7(V1) | തടത്തിൽകുണ്ട് പിലാപ്പറമ്പ് റോഡ് ടാറിംഗ് |
| 2000-01 | 64(a),(b) | 2002-03 | VII.I.10.7(V1) | ചോലക്കൽ കുളമ്പ് റോഡ് ടാറിംഗ് |
| 2000-01 | 70 | 2002-03 | VII.I.10.7(VII1) | പൊള്ളോട്ട് ചിറമണ്ണ് സംരക്ഷണം |
| 2019-20 | 1-19 | 2020-21 | | മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് /സർചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 00-01 | 29,31(a) | ശ്രീമതി പ്രേമലത | LF19478/Spl Cell/sc5 /04/30-1-17 | 2190 | 2119/- രൂപ 78076/12/3-5-17 രശീതി പ്രകാരം അടവാക്കിയിട്ടുണ്ട്. 71/-രൂപ ഒടുക്കാൻ ശേഷിക്കുന്നു. |
| 2 | 98-99 | 29,32 | ശ്രീമതി കെ എസ് വൽസമ്മ | LF 19756 /Spl Cell /SC/5/ 03/ 19-4-04 | 976 | വിവരം ലഭ്യമല്ല |
| 3 | 98-99 | 33,35 | ശ്രീ.പി സുകുമാരൻ | LF 19756/ Spl Cell/SC /5/03/ 19-4-04 | 4776 | വിവരം ലഭ്യമല്ല |
| 4 | 99-00 | 38(1),40 | ശ്രീമതി കെ എസ് വൽസമ്മ | LF 741 /Spl Cell /SC/06/ 8-7-08 /11-7-08 | 21154 | OP 219/18, OP Allowed 30-11-17 |
| 5 | 99-00 | 32 | ശ്രീമതി മനുബായി | LF 741/ Spl Cell/ SC/06/ 1-10-18 | 5913 | വിവരം ലഭ്യമല്ല |
| 6 | 02-03 | 10,17, 12(1) | ശ്രീമതി പ്രേമലത കെ | LF 22241 /Spl Cell/ Sc5/05 | 4652 | വിവരം ലഭ്യമല്ല |
| 7 | 97-98 | 32-2, 33,34(4), (5),35, 36(5), 42, 45,46, 50,51, 52,53, 54,55. | ശ്രീ.പി സുകുമാരൻ സെക്രട്ടറി | LF16691 /Spl Cell /Sc5/04/ 31-12-15 | 127344 | വിവരം ലഭ്യമല്ല |
| 8 | 02-03 | 10,12 (1),17 | ശ്രീ.എ എം മുഹമ്മദ് ബഷീർ സെക്രട്ടറി | LF22241 /Spl Cell/sc 5/05/ 3-2-09 | 216+1296+3140 | 1512/-രൂപ(216+1296) 3992/17/7-3-16 രശീതി പ്രകാരം ഒടുക്കിയിട്ടുണ്ട്. 3140രൂപ ഒടുക്കുന്നതിന് ശേഷിക്കുന്നു. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 96357555 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 88507745 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 760051 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 19630 | ശ്രീമതി. സമീന , അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | 670421 | ശ്രീ. രാജീവ് പി കെ , സെക്രട്ടറി- 157428 |
| 1-20 | 512993 | ശ്രീ അബ്ദുൾ കരീം പഞ്ചിളി, സെക്രട്ടറി-512993 |
| 1-23 | 20,000 | ശ്രീ അബ്ദുൾ കരീം പഞ്ചിളി, സെക്രട്ടറി |
| 1-27 | 50000 | ശ്രീമതി. ബിന്ദു. കെ.എം., ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 760051 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95<br>1995-96 | LFM-15/119/98/28.10.2010 | 1 |
| 1997-98 | LFM-13/2961/14/08.01.2015 | 15 |
| 1998-99 | LFM-13/2962/14/08.01.2015 | 12 |
| 2000-01 | LFM-13/2963/14/08.01.2015 | 12 |
| 2001-02 | LFM-11/1545/02/28.10.10 | 1 |

| | | |
|---|---|---|
| 2002-03 | LFM-11/965/04/28.10.10 | 2 |
| 2003-04 | LFM-11/231/05/28.10.10 | 1 |
| 2004-05 | LFM-12/1895/08/28.10.10 | 3 |
| 2005-06 | KSAMPM-22/1954/19(1) /01.12.2020 | 2 |
| 2006-07 | KSAMPM-22/1954/19(2) /01.12.2020 | 1 |
| 2007-08 | KSAMPM-22/1954/19(3) /01.12.2020 | 2 |
| 2008-09 | KSAMPM-22/1954/19(4) /01.12.2020 | 4 |
| 2009-10<br>2010-11 | KSAMPM-22/1954/19(5) /03.12.2020 | 11 |
| 2011-12<br>2012-13 | KSAMPM-22/31/ 2020/24-07-2020 | 4 |
| 2013-14<br>2014-15 | KSAMPM-22/32/ 2020/19-05-2020 | 2 |
| 2015-16 | KSAMPM-22/33/ 2020/15-05-2020 | 4 |
| 2016-17 | KSAMPM-22/34/ 2020/19-05-2020 | 6 |
| 2017-18 | KSAMPM-22/753/ 2020/13-11-2018 | 9 |
| 2018-19 | KSAMPM-22/2903/2022/23.12.2022 | 6 |
| 2019-20 | KSAMPM-22/2902/2022/15.03.2023 | 3 |
| 2020-21 | KSAMPM-22/1454/2023/01.07.2023 | 8 |
| 2021-22 | KSAMPM-22/1385/2023/10.07.2023 | 11 |

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 20-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Makkaraparamba Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Makkaraparamba Grama Panchayat for the year 2022-2023

**Date: 28/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Makkaraparamba Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1)The following mandatory financial statements prescribed in accounting rules are not submitted for audit

i. Ratios
ii. Comparative amounts)
iii. Notes on Accounts

2)Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) Deposit amounts in the head (other deposit- 340109901) is not recorded in the Deposit Register and it has to be accounted in the appropriate head of account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്